സാഹിത്യവാരഫലം

1987/09/13 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1987/09/13-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

മീക്കലാഞ്ചലോ

പ്രതിമാ നിർമ്മാതാവും കവിയും ചിത്രകാരനും വാസ്തുവിദ്യാ വിദഗ്ദ്ധനുമൊക്കെയായ മീക്കലാഞ്ചലോയെ സംബന്ധിച്ചുള്ള ആ കഥ കേൾവിപ്പെട്ടതാണ്. അദ്ദേഹം വെണ്ണക്കല്ലിൽ ഉളിവച്ചു തട്ടിക്കൊണ്ടിരുന്നപ്പോൾ എന്താണ് ചെയ്യുന്നതെന്ന് ആരോ ചോദിച്ചുപോലും. മീക്കലാഞ്ചലോ മറുപടി നല്കി: "ഈ വെണ്ണക്കല്ലിനകത്ത് ഒരു സുന്ദരി ഒളിച്ചിരിക്കുന്നു. അവളെ പൊതിഞ്ഞിരിക്കുന്ന ആവശ്യമില്ലാത്ത മാർബിൾ തട്ടിക്കളഞ്ഞ് ഞാൻ അവൾക്കു സ്വാതന്ത്ര്യം നല്കാൻ ശ്രമിക്കുകയാണ്". കലാകാരനു യോജിച്ചവിധത്തിൽ അദ്ദേഹം കൊടുത്ത ഈ മറുപടിയിൽ ഒരു കലാതത്ത്വം മറഞ്ഞിരിക്കുന്നുണ്ട്. കലാകാരന്റെ മനസ്സിനകത്ത് ഒരു സുന്ദരി ബന്ധനസ്ഥയായി വർത്തിക്കുന്നു. വെണ്ണക്കല്ലിൽ കൊത്തുളി വേണ്ട വിധത്തിൽ പ്രയോഗിക്കുമ്പോൾ അവൾ മനസ്സിന്റെ കാരാഗൃഹത്തിൽനിന്നു മോചനംനേടും. അങ്ങനെ മോചനം പ്രാപിച്ചവൾ വെണ്ണക്കല്ലിലൂടെ പ്രത്യക്ഷയാകും. ഇങ്ങനെ 'വിഷ'ന്—ദൃശ്യത്വത്തിന്—രൂപം നല്കുന്നവനാണ് കവി, ചിത്രകാരൻ, ശില്പി. അതല്ലാതെ വാക്കുകൾകൊണ്ട്, ചായംകൊണ്ട്, വെണ്ണക്കല്ലുകൊണ്ട് ഞാൻ സൗന്ദര്യം സൃഷ്ടിക്കട്ടെയെന്ന് ഉദ്ഘോഷിക്കുന്നവൻ കലാകാരനല്ല. ദൃശ്യത്വത്തെ മുൻനിറുത്തി രചന ആരംഭിക്കുമ്പോൾ അതിന് അനുരൂപമായ വാക്ക് ആദ്യം തന്നെ വന്നുവീഴും. അമേരിക്കൻ സാഹിത്യകാരനായ സ്റ്റീവൻ ക്രേൻ (Stephen Crane, 1871–1900) എഴുതിയ The Open Boat എന്ന ചെറുകഥ വായിച്ചാൽ ഇവിടെ പറഞ്ഞതിന്റെ സത്യാത്മകത ബോധപ്പെടും. "None of them knew the colour of the sky"—ആകാശത്തിന്റെ നിറം അവരാരും കണ്ടില്ല — കപ്പൽ ചേതം സംഭവിച്ച് ബോട്ടിൽ കടന്നുകൂടി രക്ഷപ്പെടാൻ ശ്രമിക്കുന്നവൻ കടലിനെ മാത്രമേ നോക്കൂ. അവർ അന്തരീക്ഷത്തിന്റെ നിറമെന്തെന്ന് നോക്കുകയില്ല. ഇതാണ് 'വിഷ'നു യോജിച്ച വാക്യം; 'വിഷ'ന് അനുരൂപമായ വാക്ക്.



സ്റ്റീവൻ ക്രേൻ

വൈക്കം മുഹമ്മദ് ബഷീർ നല്ല കഥാകാരനാണ്. അതു അംഗീകരിച്ചുകൊണ്ട് ഞാനിവിടെ ആവിഷ്കരിച്ച കലാതത്ത്വം സമർത്ഥിക്കാനായി അദ്ദേഹത്തിന്റെ ഒരു കഥയിൽ നിന്ന് ഒരു വാക്യം എടുത്തെഴുതട്ടെ. "മതിലുകൾ" എന്ന നീണ്ടകഥ. പുരുഷനെയും സ്ത്രീയെയും വേർതിരിക്കുന്ന കന്മതിൽ. അവർ എത്ര അടുത്ത്! എങ്കിലും പൊക്കംകൂടിയ, കനംകൂടിയ മതിൽ അവരെ എത്ര ദൂരത്ത് ആക്കിക്കളയുന്നു! അവരുടെ രാഗം അനുരാഗമായി. പക്ഷേ, അത് സാക്ഷാത്കരിക്കാതെ അവർ പിരിഞ്ഞുപോകുന്നു. ഈ വിഷയത്തിനോ അതുൾക്കൊള്ളുന്ന ദൃശ്യത്വത്തിനോ യോജിച്ച വിധത്തിലല്ല കഥയുടെ ആരംഭം. "മതിലുകൾ എന്ന പേരിൽ ഒരു ചെറിയ പ്രേമകഥ നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ? മുൻപ് പറഞ്ഞതായി ഓർമ്മ തോന്നുന്നില്ല". കഥാകാരന്റെ മനസ്സിൽ ബന്ധനസ്ഥയായി കഴിയുന്ന സുന്ദരി വാക്കുകളിലൂടെ ഇവിടെ മോചനം നേടുന്നില്ല. സാറിനെയും പട്ടിയെയും ഒരേമട്ടിൽ കാണുന്ന സമുദായത്തിന്റെ മൂർദ്ധാവിൽ അടികൊടുക്കാൻ കാരൂർ നീലകണ്ഠപ്പിള്ള എഴുതിയ 'സാറിനും പട്ടിക്കും' എന്ന കഥ നോക്കുക. "പിന്നേ, സാറിനും പട്ടിക്കും ചോറുകൊടുത്തെങ്കിൽ അടുക്കളയടയ്ക്കൂത്തോ?" എന്ന ഗൃഹനായകന്റെ ചോദ്യമാണ് ഇക്കഥയിൽ പ്രാധാന്യമാവഹിക്കുന്നത്. ആ പ്രാധാന്യത്തെ നശിപ്പിക്കുന്ന കഥയുടെ തുടക്കം. "ഗോപാലൻ സ്കൂൾ ഫൈനൽ പരീക്ഷ ജയിച്ചെന്ന് അറിഞ്ഞപ്പോൾ ഒരു ചുമട് തലയിൽനിന്ന് ഇറക്കിയതുപോലുള്ള ആശ്വാസംതോന്നി എനിക്ക്". സ്റ്റീവൻ ക്രേനിനെപ്പോലെ വിഷനു യോജിച്ചവിധത്തിൽ എഴുതാൻ നമ്മുടെ എഴുത്തുകാർ എന്നാണ് പഠിക്കുക?

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എൻ. കെ. രവീന്ദ്രന്റെ ഒരു പ്രയോഗം: "ചരക്കുവല്ലരണപ്രക്രിയയെ" (പുറം 20) ഗുരുവായൂരപ്പാ, എന്തെല്ലാം കേട്ടാൽ ജന്മമൊടുങ്ങും!

വികാരശൂന്യത

ഒരു ബന്ധു സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുന്നുവെന്നറിഞ്ഞ് ഞാൻ അന്വേഷിച്ചു പോയി. പണ്ട് ആർട്സ് കോളേജിൽ ഞാൻ പഠിപ്പിച്ച ഒരു പയ്യൻ ഡോക്ടറായി രോഗിയുടെ അടുത്തുനില്ക്കുന്നു. വിനയത്തോടെ അയാളോടു ചോദിച്ചു. "എന്താണ രോഗം?" നിയോപ്ലേഷ എന്ന ഉത്തരംകിട്ടി. ശിഷ്യന്റെ മുൻപിൽ ഗുരുവിന് അജ്ഞത പാടില്ലല്ലോ. എങ്കിലും "മനസ്സിലായില്ല" എന്നു ഞാൻ പറഞ്ഞു. പണ്ട് കുമാരനാശാന്റെ 'നളിനി'യിലെ ഒരു ശ്ലോകത്തിന്റെ അർത്ഥം ലളിതമായി ഞാൻ അയാൾക്കു പറഞ്ഞുകൊടുത്തിട്ടുണ്ട്; ക്ലാസ്സിൽ വച്ചല്ല, സ്റ്റാഫ്റൂമിലിരുന്ന്. ആ ലാളിത്യം പില്ക്കാലത്ത് ശിഷ്യൻ പ്രദർശിപ്പിക്കുമെന്ന് വിചാരിച്ച ഞാനെത്ര ഭോഷൻ! 'ഡോക്ടർ ശിഷ്യൻ' വിശദീകരിച്ചു: "There is a regressive change of normal cells. Consequently the biological control is lost. These invasive cells..." അയാൾ തുടർന്നു പലതും പറഞ്ഞു. അതൊക്കെ ഞാൻ മറന്നുപോയിരിക്കുന്നു. വീട്ടിൽവന്ന് Family Health Medical Encyclopaedia (Collins) എടുത്തുനോക്കി. Neoplasm=The medical term for a tumour എന്നു കണ്ടു. കാര്യം മനസ്സിലായി. ഇതുപോലൊരു അനുഭവം മുൻപും ആശുപത്രിയിൽ വച്ചുണ്ടായിട്ടുണ്ട്. അന്നു വേറൊരു ശിഷ്യനാണ് ഇതിനു തുല്യമായ പരാക്രമം കാണിച്ചത്. ഇത് ഈയിടെ ഉണ്ടായ സംഭവം.

ഒരു പെണ്ണ നടന്നുപോകുന്നു. രണ്ടു യുവാക്കന്മാർ പിറകേയുണ്ട്. അവരിൽ ഒരാൾ മറ്റേയാളിനോടു പറയുന്നതു ഞാൻ കേട്ടു. "She has steatopygia and you are pygophilous" അർത്ഥം മനസ്സിലായില്ല എനിക്ക്. എങ്കിലും മധുരപദങ്ങൾ കേട്ടാൽ ചങ്ങമ്പുഴ ഡയറിയെടുത്തു അവ കുറിച്ചു വയ്ക്കുന്നതുപോലെ ഞാൻ മാറിനിന്ന് ഒരു ടാൻസ്പോർട്ട് ബസ് ടിക്കറ്റിൽ ആ രണ്ടു കഠിനപദങ്ങളും കുറിച്ചുവച്ചു. അതിലേവന്ന ഒരു സുഹൃത്തു ചോദിച്ചു: "എന്താ സാർ ഓട്ടോറിക്ഷക്കാരന്റെ പേരിൽ പരാതി അയയ്ക്കാൻ നമ്പർ കുറിച്ചുവയ്ക്കുകയാണോ?" വീട്ടിൽ വന്നു നിഘണ്ടു നോക്കി. സ്റ്റീറ്റൊപീജിയ = നിതംബഗുരുത. പിഗോഫിലസ് = നിതംബസ്നേഹമുള്ള. ശിഷ്യനോടും അജ്ഞാതനായ ആ വഴിപോക്കനോടും നന്ദിയുണ്ടെനിക്ക്. അവർ പുതിയ വാക്കുകൾ എന്നെ പഠിപ്പിച്ചു.

എൻ. ഗോപാലപിള്ള പ്രസംഗിക്കുമ്പോൾ ഒരു കഠിനപദവും പ്രയോഗിക്കില്ല. അതല്ല അദ്ദേഹം എഴുതുമ്പോഴത്തെ സ്ഥിതി. "ശോധിതശേമുഷീകനായ ഒരു പ്രകൃഷ്ട പണ്ഡിതന്റെ വിചാരധാരയിൽനിന്നു വിനിർഗ്ഗളിച്ചിട്ടുള്ള സൂക്തിമൗക്തികങ്ങൾ" എന്നും മറ്റും അദ്ദേഹം കാച്ചിക്കളയും അതുകൊണ്ടു ഗോപാലപിള്ളസ്സാറിന്റെ പ്രബന്ധം വായിക്കുമ്പോഴൊക്കെ നിഘണ്ടു അടുത്തുവച്ചുകൊള്ളണം. നേരെമറിച്ചാണ് ബാലരാമപ്പണിക്കർ സ്സാറിന്റെ രീതി. എഴുതുമ്പോൾ എത്തും ലളിതം. പ്രസംഗിക്കുമ്പോൾ എത്തും സങ്കീർണ്ണം. അതുകൊണ്ട് അദ്ദേഹം പ്രസംഗിക്കുമ്പോൾ നിഘണ്ടു അടുത്തു വേണം. ഒരിക്കൽ പ്രസംഗത്തിനിടയിൽ അദ്ദേഹം "അനുത്തമമായ കവിതയാണ് കാളിദാസന്റേത്" എന്നു പറഞ്ഞു. എന്റെ അടുത്തിരുന്ന ഒരദ്ധ്യാപകൻ "കാളിദാസന്റെ കവിത ഉത്കൃഷ്ടമല്ലേ?" എന്നു ചോദിച്ചു. അനുത്തമത്തിന്റെ അർത്ഥം ശ്രേഷ്ഠമെന്നാണെന്ന് ഞാൻ പറഞ്ഞപ്പോൾ അയാൾ അദ്ഭുതപ്പെട്ടു. (അനുത്തമഃഅത്യുൽകൃഷ്ടം (ന ഉത്തമോസ്മാൽ) ഇതിനെക്കാൾ ഉത്തമമായിട്ടു വേറെ ഒന്നുമില്ല—അമരകോശം.)

ഫെറസ് സൾഫേറ്റ് എവിടെ?

പണ്ടു യോദ്ധാക്കൾ പടച്ചട്ടയണിഞ്ഞുകൊണ്ടു പോർക്കളത്തിൽ പോയിരുന്നു. ശത്രുക്കൾ അയയ്ക്കുന്ന അമ്പുകൾ മാറിടം പിളരാതിരിക്കണമല്ലോ. നമ്മുടെ ചില എഴുത്തുകാരും ചില നേതാക്കന്മാരും ഭാഷയെ പടച്ചട്ടയാക്കി അണിഞ്ഞുകൊണ്ടാണ് രംഗ പ്രവേശം നടത്തുന്നത്. അതിന്റെ ആവശ്യം ഇല്ലേയില്ല. വായനക്കാർ പ്രതിയോഗികളല്ല. അവർ പാവങ്ങളാണ്. അതുകൊണ്ട് യോദ്ധാക്കളായിട്ട് എഴുത്തുകാരും സാംസ്കാരിക മണ്ഡലത്തിലെ നേതാക്കന്മാരും പ്രത്യക്ഷരാകരുത്. അലങ്കാരമുപേക്ഷിച്ചു പറയട്ടെ. ആശയം പകർന്നുകൊടുക്കുക എന്ന ലക്ഷ്യമാണ് ഭാഷയുടേത്. അതിനെ വ്യഭിചരിക്കുന്നത് പാപമാണ്.

ആശയവിനിമയമെന്നപോലെ വികാരസംക്രമണത്തിനും ഭാഷയാണ് ഉപകരിക്കുന്നത്. സാഹിത്യം എപ്പോഴും വൈകാരികമായതുകൊണ്ട് വികാരം സ്ഫുടീകരിക്കാത്ത രചന സാഹിത്യത്തിന്റെ മണ്ഡലത്തിൽ പ്രവേശിക്കുകയില്ല. മുൻപു പറഞ്ഞ കാര്യം ആവർത്തിക്കട്ടെ. ടോൾസ്റ്റോയിയുടെ "അന്നാ കരേനിന" എന്ന നോവലിന്റെ ആദ്യത്തെ വാക്യംതന്നെ നമ്മളെ വികാരപ്രപഞ്ചത്തിൽ കൊണ്ടുചെല്ലുന്നു. അതിൽ നീന്തിത്തുടിച്ച് നമ്മൾ കുറച്ചുനേരത്തേക്കു ചിന്തയുടെ തീരത്തു വന്നെത്തുന്നു. വീണ്ടും വികാരതരംഗങ്ങൾ നമ്മളെ വലിച്ചെടുക്കുന്നു. കാവ്യത്തിന്റെ സ്വഭാവവും വിഭിന്നമല്ല.

> അന്നാപ്പുലരിയിൽ പൂപറിച്ചുകൊണ്ടു
> നിന്നനീയാളിയുമൊത്താവനികയിൽ
> കാളമേഘത്തിൽ കവിത തളുമ്പിച്ച
> കാളിദാസന്റെ ശകുന്തളമാതിരി.

സ്ഫടികസദൃശമായ ജലത്തിൽ സ്വർണ്ണമത്സ്യം ചലനം കൊള്ളുന്നതുപോലെ വികാരം ഇവിടെ ചലനംകൊള്ളുന്നു. ശ്രീകുമാരൻ തമ്പിക്ക് ഇതിനു കഴിവില്ല.

> എണ്ണ കാണാതെയിരുട്ടത്തു തേങ്ങുന്നി-
> തെന്റെ സ്വപ്നങ്ങളും ക്ഷേത്രദീപങ്ങളും
> ചുറ്റമ്പലങ്ങളിൽ ലക്ഷംവിളക്കുകൾ
> കത്തിക്കുവാനില്ല കൈകളും തൈലവും
>
> (മാതൃഭൂമി ആഴ്ചപ്പതിപ്പ്, സ്വസ്തിർഭവതു)

ഈ വരികളിലും തുടർന്നുള്ള വരികളിലും കാണുന്ന 'അനീമ്യ' (anaemia) എന്ന രോഗം അനുവാചകന് വൈഷമ്യമുളവാക്കുന്നു. ഫെറസ് സൾഫേറ്റോ ഫെറസ് ഗ്ലൂക്കോനേറ്റോ കൊടുത്താൽ അനീമ്യ (രക്തക്കുറവ്—വിളർച്ച) മാറും. ശ്രീകുമാരൻ തമ്പിയുടെ കാവ്യത്തിനുള്ള രോഗത്തിനു ചികിത്സയില്ല.

ചോദ്യം, ഉത്തരം

ചോദ്യം: സ്ത്രീയെക്കുറിച്ചുള്ള ഏറ്റവും നല്ല സൂക്തമേത്?

ഉത്തരം: ഇംഗ്ലീഷിലാണത്. തർജ്ജമചെയ്തു വികലമാക്കാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല. അതുകൊണ്ട് ഇംഗ്ലീഷിൽ തന്നെയാവട്ടെ.

> Now what I love in women is, they won't
> Or can't do otherwise than lie, but do it
> So well, the very truth seems falsehood to it"

"കാവ്യാത്മകമായ ഒന്നുകൂടി കേൾക്കട്ടെ" (Byron)

> "The night
> shows stars and women in a better light"
>
> (Byron)

ചോദ്യം: ഭാര്യ പറയുന്നതു മാത്രം കേൾക്കുന്ന പെൺകോന്തന്മാരെക്കുറിച്ച് എന്തു പറയുന്നു?

ഉത്തരം: ഭാര്യ പറയുന്നതുതന്നെ കേൾക്കണം. സത്യം കണ്ടറിയാൻ സ്ത്രീയ്ക്കുള്ള സാമർത്ഥ്യം പുരുഷനില്ല.

ചോദ്യം: കുടിച്ചുകൊണ്ടുവരുന്ന മകനെക്കുറിച്ച് അച്ഛനെന്തുപറയും? അമ്മയെന്തുപറയും?

ഉത്തരം: 'ദ്രോഹി മദ്യംകഴിച്ചുകൊണ്ടു വന്നിരിക്കുന്നു' എന്ന് അച്ഛൻ. 'എന്റെ മകൻ കൊക്കോകോല കുടിച്ചുകൊണ്ടാണ് വന്നിരിക്കുന്നത്. അവൻ ഒരുതുള്ളി മദ്യം കഴിക്കില്ല' എന്ന് അമ്മ.

ചോദ്യം: കവി ബധിരനായാൽ?

ഉത്തരം: വള്ളത്തോളിനെപ്പോലെ മനോഹരമായി പാടും.

ചോദ്യം: കവി അന്ധനായാൽ?

ഉത്തരം: ഹോമറിനെപ്പോലെ ചേതോഹരമായി പ്രഭാതത്തെയും സായാഹ്നത്തെയും വർണ്ണിക്കും.

ചോദ്യം: കവി സ്ത്രീജിതനായാൽ?

ഉത്തരം: വെണ്മണിയെപ്പോലെ മുരിശൃംഗാരത്തിൽ മുഴുകും.

ചോദ്യം: കവി സ്ത്രീസൗന്ദര്യത്തിന്റെ ആരാധകനായാൽ?

ഉത്തരം: ചങ്ങമ്പുഴയെപ്പോലെ, ഇടപ്പള്ളിയെപ്പോലെ അവളെ രമണീയമായി വർണ്ണിക്കും.

ഫലിതം

1. ഒരിടത്തു ഒരെലി സൈ്വരമായി ഇരിക്കുകയായിരുന്നു. അപ്പോഴാണ് മ്യാവ്, മ്യാവ് എന്ന ശബ്ദം കേട്ടത്. കൊച്ചെലി പ്രാണഭീതിയോടെ ഒരു ദ്വാരത്തിൽ കയറി ഒളിച്ചു. മ്യാവ്, മ്യാവ്—ആ ശബ്ദം അവസാനിച്ചാൽ മാത്രം പോരാ. ബൗ ബൗ എന്ന ശബ്ദംകൂടി കേൾക്കണം. അപ്പോഴേ പുറത്തുവരാൻ പറ്റൂ. കാരണമുണ്ട്. ഈ ബൗ ശബ്ദക്കാരൻ മ്യാവ്, മ്യാവ് ശബ്ദക്കാരനെ പിടിച്ചുതിന്നും. പൊടുന്നനവേ ബൗ ബൗ എന്നുകേട്ടു. വീട്ടിലെ നായ് തന്നെ. ഇനി പേടിക്കാനില്ല. നായ് എലിയെ തിന്നുകയില്ലല്ലോ. എലി പുറത്തേക്കിറങ്ങി. അവിടെ നില്ക്കുന്നു പൂച്ച. അത് എലിയെ കൊന്ന് വിഴുങ്ങി. എന്നിട്ട് ഏമ്പക്കംവിട്ടുകൊണ്ടു പറഞ്ഞു: "രണ്ടു ഭാഷയിൽ സംസാരിക്കാൻ പഠിച്ചത് എന്തൊരു ഭാഗ്യമായി"
2. ശവകുടീരത്തിലെ കല്ലിൽ ഇങ്ങനെ കൊത്തിവച്ചിരുന്നു: "ഇവിടെ ഒരു വക്കീൽ ശയിക്കുന്നു. ഒരു സത്യസന്ധനും" ശവപ്പറമ്പ് കാണാനെത്തിയ ഒരുവൻ അതുകണ്ടു പറഞ്ഞു: കാലം എത്രമോശം. അവർ രണ്ടുപേരായാണ് ഇപ്പോൾ ഒരു ശവക്കുഴിയിൽ അടക്കുന്നത്.
3. "1928-ൽ ഒരാൾ ജനിച്ചു. ഇന്ന് അയാൾക്ക് എത്ര വയസ്സുണ്ട്?"

   "ജനിച്ചയാൾ പുരുഷനോ സ്ത്രീയോ?"



കമ്പളത്തു ശങ്കുപ്പിള്ള

വിദേശത്തെ ഈ ഫലിതകഥകൾ ഇവിടെ എഴുതിയതിനു വിശേഷിച്ചു ഹേതുവൊന്നുമില്ല. കെ. എൽ. മോഹനവർമ്മയുടെ ഭേദപ്പെട്ട "ഭജനം" എന്ന ഹാസ്യകഥ വായിച്ചപ്പോൾ ഇവകൂടി എഴുതാമെന്നു വിചാരിച്ചു. അത്രേയുള്ളൂ. യൂറോപ്യൻ സാഹിത്യത്തിൽനിന്നു മോഷ്ടിച്ചാൽ ഇംഗ്ലീഷറിയാവുന്നവർ അതുവേഗം കണ്ടുപിടിക്കും. അതുകൊണ്ട് മോഹനവർമ്മയുടെ പ്രൊഫസർ ചൈനയിലെ ഭാഷ പഠിക്കുന്നു. ഇവിടെ ആ ഭാഷ ആർക്കുമറിഞ്ഞുകൂടാ. അതിലെ കൃതികൾ മലയാളത്തിലാക്കിയാൽ പ്രൊഫസറുടെ ഒറിജിനാലിറ്റിയെക്കുറിച്ച് സംശയമുണ്ടാവുകയില്ല ഒരുത്തനും (കഥ കലാകൗമുദിയിൽ).

സംഭവങ്ങൾ

1. കൊല്ലം ബസ് സ്റ്റേഷൻ. ഞാനന്നു വിദ്യാർത്ഥിയാണ്. വടക്കോട്ടു പോകാൻ ബാഗും തൂക്കിനിന്ന എന്റെ മുൻപിൽ തിരുവനന്തപുരത്തേക്കുള്ള ഒരു ബസ് വന്നു നിന്നു. എന്തൊരു ഉന്തുംതള്ളുമായിരുന്നെന്നോ! അതൊക്കെ സഹിച്ചുകൊണ്ട് ബസ്സിൽ കയറിയ സ്ത്രീകളിൽ ഒരു ചെറുപ്പക്കാരി കാണാൻ ഭേദപ്പെട്ടവളായിരുന്നു. അവളെ കണ്ടയുടനെ ദൂരെ നിന്ന ഒരു ചെറുപ്പക്കാരൻ ആളുകളെ തള്ളിമാറ്റിക്കൊണ്ട് ബസ്സിനകത്തേക്കു കടന്നു. എന്നിട്ട് ആ യുവതിയെ വല്ലാതെ പീഡിപ്പിച്ചു. ഞങ്ങൾക്കൊക്കെ നിസ്സഹായരായി നോക്കിനില്ക്കാനേ കഴിഞ്ഞുള്ളൂ. പക്ഷേ, അതുകണ്ട ഒരു ബലിഷ്ഠ ഗാത്രൻ കോപം കൊണ്ടു ചുവന്ന മുഖത്തോടെ ബസ്സിൽ ചാടിക്കയറി സ്ത്രീയെ അപമാനിച്ചു കൊണ്ടിരുന്ന യുവാവിനെ വലിച്ചുപുറത്തേക്കിട്ടു. അദ്ദേഹം അയാളെ വേണ്ടുവോളം മർദ്ദിച്ചു. ചവിട്ടും അടിയുമേറ്റ അയാൾ "അയ്യോ മാപ്പുതരണേ" എന്നു നിലവിളിക്കുന്നുണ്ടായിരുന്നു. കൊടുക്കേണ്ടതു മുഴുവൻ കൊടുത്തിട്ട് ആ മല്ലയുദ്ധ പ്രവീണൻ മാറിനിന്നു. എല്ലാവരും—ഞാനുൾപ്പെടെയുള്ള എല്ലാവരും—അദ്ദേഹത്തെ ബഹുമാനിച്ചു; അഭിനന്ദിച്ചു. അടുത്തുനിന്ന ഒരാളിനോട് ഞാൻ ചോദിച്ചു, അദ്ദേഹമാരാണെന്ന്. അയാൾ അടക്കിയ സ്വരത്തിൽ എന്നോടു പറഞ്ഞു: "കമ്പളത്തു ശങ്കുപ്പിള്ള" വർഷങ്ങൾക്കുശേഷം ഞാൻ ഒരു കാര്യമായി പന്മനയിൽ പോയി അദ്ദേഹത്തെ കാണാൻ. കമ്പളത്തു ശങ്കുപ്പിള്ള റേഡിയോയിൽ നിന്നുവരുന്ന കഥകളിപ്പാട്ടു കേട്ടുകൊണ്ടിരിക്കുന്നു. "വല്ലപ്പോഴുമേ റേഡിയോ ആളുകളെ കഥകളിപ്പാട്ടു കേൾപ്പിക്കൂ" എന്ന അദ്ദേഹം പരാതിയുടെ മട്ടിൽ എന്നോടു പറഞ്ഞു.
2. ഫ്രാൻസിലെ രാജ്ഞിയായിരുന്ന മാറി ആങ്ത്വാനത് (Marie Antoinette) 1793-ൽ ഫ്രഞ്ച് വിപ്ലവകാരികളാൽ വധിക്കപ്പെട്ടു. വധസ്ഥലത്തേക്കു അവരെക്കൊണ്ടുപോയപ്പോൾ ഒരു ക്ഷോഭവും കൂടാതെയാണ് അവർ കതിരവണ്ടിയിലിരുന്നതെന്ന് ഷ്ടെഫാൻ ത്സ്വൈഹ് (Stefan Zweig) പറയുന്നു. (അദ്ദേഹം എഴുതിയ Marie Antoinette എന്ന ജീവചരിത്രത്തിൽ) തലയുയർത്തിപ്പിടിച്ചുകൊണ്ട് അവർ വധസ്ഥലത്തെ പടികൾ കയറി. അറിയാതെ വധകർത്താവിന്റെ കാലിൽ ചവിട്ടിപ്പോയി ആങ്ത്വാനത്. ഉടനെ അവർ Sorry എന്നു പറയുകയും ചെയ്തു. (സോറി എന്നു പറഞ്ഞത് ത്സ്വൈഹിന്റെ പുസ്തകത്തിലില്ല. വേറൊരു ജീവചരിത്രത്തിൽ കണ്ടതാണ്)
3. ഇന്നു തിരുവനന്തപുരത്തെ 'സിറ്റി ബസ്സുകൾ' ഏതു സ്റ്റോപ്പിലും നിറുത്തും. മുൻപ് ഇങ്ങനെയായിരുന്നില്ല. അക്കാലത്ത് എന്റെ പരിചയക്കാരനായ ഒരു ഡ്രൈവറോടു ഞാൻ അതിനെക്കുറിച്ചു പറഞ്ഞപ്പോൾ അയാൾ മറുപടി നല്കിയത് ഇപ്രകാരം: "പിന്നേ സ്റ്റോപ്പുകളിലൊക്കെ ബസ് നിറുത്തി യാത്രക്കാരെ കയറ്റാൻ തുടങ്ങിയാൽ ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള അരമണിക്കൂർകൊണ്ട് ബസ്സ് സ്റ്റാർട്ടിങ് പോയിന്റിൽ തിരിച്ചെത്തുകയില്ല. പിന്നെ അതിന് സമാധാനം എഴുതേണ്ടിവരും".
4. കോൺവെന്റ് സ്കൂളിൽ എട്ടാം സ്റ്റാൻഡേഡിൽ പഠിക്കുന്ന പേരക്കുട്ടി എന്നോടു ചോദിച്ചു: "രാത്രി എട്ടുമണിക്ക് ഞാൻ ഉറങ്ങാൻ കിടന്നു. കാലത്ത് ഒൻപതിന് എഴുന്നേല്ക്കാൻ ടൈംപീസിന് അലാറം കൊടുത്തുവച്ചു. ഞാൻ എത്ര മണിക്കൂർ ഉറങ്ങി? ഞാൻ മറുപടി പറഞ്ഞു: "പതിമൂന്നു മണിക്കൂർ" തെറ്റെന്നായി പേരക്കുട്ടി. "എന്തുകൊണ്ടു തെറ്റ്?" എന്ന എന്റെ ചോദ്യം. അവൾ: ഒൻപതുമണിക്ക് അലാറം കൊടുത്തുവച്ചാൽ ഒരു മണിക്കൂർ കഴിഞ്ഞ് മണിയടിക്കുകയില്ലേ? അപ്പോൾ ഒരു മണിക്കൂറല്ലേ ഉറങ്ങൂ".

അനുഭൂതി റാക്കിലിരിക്കുന്നു



മാറി ആങ്ത്വാനത്

പൂവിനെ പൂവായി വർണ്ണിക്കാം. അതിനെ റാണിയായി വർണ്ണിക്കാം. റാണിയായി ചിത്രീകരിക്കുമ്പോഴും അതു പൂവാണെന്നു നമുക്കു തോന്നണം. ഈ മൂന്നാമത്തെ രീതിയാണ് കലയുടേതെന്ന് റസ്കിൻ പറഞ്ഞിട്ടുണ്ട്. (ഓർമ്മയിൽനിന്ന്) ഇപ്പോഴത്തെ രീതി ഇതൊന്നുമല്ല. പൂവിനെ വർണ്ണിച്ചാൽ വായനക്കാരന് അതു കാട്ടുകരങ്ങായി തോന്നും. വേറൊരു വിധത്തിൽ എഴുതാം. എനിക്കു തിരുവനന്തപുരത്തുനിന്ന് അഞ്ചു നാഴിക അകലെയുള്ള കടപ്പുറത്തു പോകണമെങ്കിൽ കാറിൽ പോകാം. ഓട്ടോറിക്ഷയിലാകാം. കാളവണ്ടിയിലാകാം യാത്ര. വാഹനമൊന്നും വേണ്ട, നടന്നുപോകാം. പൊയ്ക്കാലിൽ കയറി പന്ത്രണ്ടിപ്പൊക്കമാർന്ന അവിടെയെത്താം. എങ്ങനെ സഞ്ചരിച്ചാലും കടപ്പുറത്തെത്തും. നവീനന്മാർ പൂവിനെ കാട്ടുകരങ്ങാക്കുന്നു. പൊയ്ക്കാലിൽ കയറി കടപ്പുറത്തു ചെല്ലുന്നു. ഈ വിലക്ഷണരീതി നിലവിലിരിക്കുമ്പോൾ യു. കെ. കുമാരനും അദ്ദേഹത്തെപ്പോലെ വേറെ ചിലരും 'നേരേ ചൊവ്വേ' എഴുതുന്നത് എത്ര ആശ്വാസപ്രദമാണ്! പക്ഷേ, നേരേ ചൊവ്വേ എഴുതി എന്നു കൊണ്ടുമാത്രം രചന സാഹിത്യമായി മാറുകയില്ല. 'പറമ്പിലൂടെ ഒരു സ്ത്രീ നടന്നു' എന്നു പറഞ്ഞാൽ അത് വിരസമായ ഒരു പ്രസ്താവം മാത്രം. എന്നാൽ കവി.

> തടിമരവുമിടയ്ക്കു വള്ളി-
> ക്കുടിലുമിണങ്ങിടുമപ്പെരുമ്പറമ്പിൽ
> വടിവൊടവൾ വിളങ്ങി വാനിൽനിന്നും
> ഝടിതി പതിച്ചൊരു കൊച്ചുതാരപോലെ

എന്നു എഴുതുമ്പോൾ അതു കലയായി മാറുന്നു. അനുഭൂതിയാണ് സാഹിത്യത്തിന്റെ അനപേക്ഷണീയഘടകം. അനുഭൂതിയില്ലെങ്കിൽ സാഹിത്യമില്ല, കലയില്ല. യു. കെ. കുമാരന്റെ "നമ്പീശൻ കരയുന്നില്ല" എന്ന കഥയുടെ ന്യൂനത അതുതന്നെയാണ്. (കുങ്കുമം വാരിക) ഒരുദ്യോഗസ്ഥന്റെ ജീവിത വൈഷമ്യങ്ങളെക്കുറിച്ചാണ് കഥാകാരൻ എഴുതാനുള്ളത്. അത് സത്യസന്ധമായി അദ്ദേഹം അനുഷ്ഠിക്കുന്നുണ്ടാവാം. പക്ഷേ, കഥയ്ക്ക് ആകെക്കൂടി ഒരു 'ഡൾനെസ്സ്'. ജവുളിക്കടയിൽ ചെന്നുകയറുന്ന നമ്മുടെ മുൻപിൽ വില്പനക്കാരൻ സാരികളും മറ്റും നിമിഷം തോറുമെടുത്തു നിവർത്തി എറിയും. ഒന്നുനോക്കിത്തീരുന്നതിനുമുൻപ് മറ്റൊന്ന് അതിന്റെ പുറത്തു വന്നുവീഴും. ആ വില്പനക്കാരനോടു നമുക്കു നീരസംതോന്നുന്നു. മറ്റൊരാൾ അങ്ങനെയല്ല. മിണ്ടാതെ നില്ക്കും. 'ഒരു ചുവന്ന സാരിയെടുക്കൂ' എന്നു നമ്മൾ പറഞ്ഞാൽ അടുക്കിവച്ചിരിക്കുന്ന അനേകം സാരികളുടെ ഇടയിൽ നിന്ന് ഒരു ചുവന്ന സാരിമാത്രം വലിച്ചെടുത്തു മുൻപിൽ വയ്ക്കും. പിന്നെ മൗനമാണ്. ഇയാളോടും നമുക്കു നീരസമത്രേ.



റസ്കിൻ

നവീനന്മാർ കണ്ടുകൂടുന്നതിനുമുൻപ് സാരികൾ വലിച്ചിട്ടു കൂമ്പാരമുണ്ടാക്കും. കുമാരനെപ്പോലുള്ളവർ അനുഭൂതിയെ ഷെൽഫിൽ നിന്നെടുക്കാതെ—തെറ്റിപ്പോയി പ്രയോഗം. റാക്കിൽ നിന്നെടുക്കാതെ—മൗനമാർന്നു നില്ക്കുന്നു. ഈ നില്പ് വൈരസ്യജനകമാണ്.

1. ചോദ്യങ്ങൾക്കു ഉത്തരം നല്കുമ്പോൾ ഒരു 'ഇന്റലക്ച്വൽ സ്പാർക്ക്' ഉണ്ടാവണം. മലയാറ്റൂർ രാമകൃഷ്ണന് ആ സ്ഫുലിംഗമുളവാക്കാൻ അറിയാം. പക്ഷേ, ജനയുഗം വാരികയിലെ ഒരുത്തരത്തിലും അത് ഇന്നേവരെ കണ്ടിട്ടില്ല. ഇന്നത്തെ രീതിയിൽ ഉത്തരമെഴുതുന്നത് പാഴ്വേലയാണ്.
2. കെ. എൻ.നമ്പൂതിരി, നെടുവേലി എക്സ്പ്രസ് വാരികയിലെഴുതിയ "വർണ്ണവൃത്തം" എന്ന ചെറുകഥ വായിച്ചു. അമ്മയെയും പെങ്ങളെയും പുലർത്താൻ വേണ്ടി ജോലിതെണ്ടി നടക്കുന്ന ഒരുത്തൻ ആ പെങ്ങൾ ഹോട്ടലിൽ വ്യഭിചരിക്കുന്നത് കാണുന്നു. ചാരിയ ജന്നൽപലകയുടെ പഴുതിലൂടെയാണ് അയാൾ നോക്കിയത്. കഥാകാരന്റെ നോട്ടവും അങ്ങനെതന്നെ. ജീവിതസ്പന്ദമോ രചനാവൈദഗ്ദ്ധ്യമോ ഇല്ലാത്ത ഈ കഥയെ ഒരു ഇംഗ്ലീഷ് വാക്കുകൊണ്ടാണ് ഞാൻ വിശേഷിപ്പിക്കുന്നത് disgusting.
3. എന്നെപ്പോലെ ചാരുകസേരയിൽ പലകവച്ച് എഴുതാം. 'സിറ്റിങ് ചെയറി'ൽ ഇരുന്നുകൊണ്ടു കഥയെഴുതാം. നിന്നുകൊണ്ട് സ്റ്റാൻഡിൽ കടലാസ്സ് വച്ച് എഴുതാം. ഒരു ബൗൾ. അതിനൊരു അടപ്പ്. ഒരു ഹാൻഡിൽ തിരിച്ചാൽ ശബ്ദത്തോടെ വെള്ളമൊഴുകുന്ന ഏർപ്പാട്. ഈ സംവിധാനമൊക്കെയുള്ള ഉപകരണത്തിന്റെ പുറത്തുകയറിയിരുന്നും ചെറുകഥ എഴുതാം. അപ്പോൾ പുതുവെള്ളം മലിനജലമായിക്കൊണ്ടിരിക്കും. "സരോവര"ത്തിന്റെ നിർമ്മലജലത്തെ മലിനജലമാക്കുന്ന ആ ഉപകരണത്തിൽ കയറിയിരുന്നു "പുതുവെള്ളത്തിൽ" എന്ന 'കഥ'യെഴുതിയ കെ. പി. കൃഷ്ണൻകുട്ടി.

ഈ പുസ്തകം വായിക്കൂ

ഇൻഡ്യയിലുള്ളവർ എഴുതുന്ന പുസ്തകങ്ങൾ ഞാനധികവും വായിക്കാറില്ല. അവരും അവരുടെ പ്രസാധകരും പ്രസാധകരുടെ കൂട്ടുകാരായ നിരൂപകരും ആ പുസ്തകങ്ങൾ വളരെ കേമമാണെന്നു പറഞ്ഞു നമ്മളെ വഞ്ചിക്കും. ഒരു ദാഹരണം വിക്രം സേത്തിന്റെ The Golden Gate എന്ന കാവ്യനോവൽ. ഈ മുൻവിധി വച്ചുകൊണ്ട് പൂപുൽ ജയക്കർ എഴുതിയ Krishnamurti എന്ന പുസ്തകം ഞാൻ വായിക്കാതിരുന്നെങ്കിൽ അത് വലിയ നഷ്ടമായിത്തീർന്നേനേ. അത്ര്യു മനോഹരവും ചിന്തോദ്ദീപകവുമാണ് ഈ ഗ്രന്ഥം. കൃഷ്ണമൂർത്തിയുടെ ദർശനത്തിന്റെ സ്പഷ്ടതയാർന്ന വ്യാഖ്യാനം മാത്രമല്ല ഇത്. ഒരു കാലയളവിന്റെ ചരിത്രവും ചിത്രവുമാണിത്. ഇതിൽ ജവാഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും വിനോബാഭാവെയും അൽഡസ് ഹക്സ്ലിയും ചൈതന്യത്തോടെ പ്രത്യക്ഷരാകുന്നു. അവർക്കൊക്കെ കൃഷ്ണമൂർത്തി സ്നേഹസാന്ദ്രങ്ങളായ ഉപദേശങ്ങൾ നല്കുന്നത് നമ്മൾ കേൾക്കുന്നു. അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെ അവർ മാനിച്ചിരുന്നുവെന്നു അറിയുന്നതുതന്നെ നമുക്കു അഭിമാനകരമത്രേ. നമ്മുടെ വൈകാരിക മണ്ഡലത്തിലും ധിഷണാപരമായ മണ്ഡലത്തിലും തരംഗപരമ്പരകൾ സൃഷ്ടിക്കുന്ന ഈ ഗ്രന്ഥത്തിലെ ഒരു ഭാഗം നോക്കുക.

> "She (Indira Gandhi) appeared totally unafraid of herself, but was extremely anxious for her son, Sanjay. She had been told by the few people who remained with her that he would be arrested and tortured in jail. I did not know how to comfort her" (P. 345).

മറ്റൊരു ഭാഗം:

> Its ('Deschooling Soceity' Iran Illich) originally and intensity intrigued me and on my return to India I gave the book to Indira Gandhi. She read the book, thought it relevant to the Indian situation, and arranged for Illich to be invited to India (PP. 302, 303).

വേറൊരു ഭാഗംകൂടി:

> "Years later, after her son Sanjay's death, I asked Indira whether she cried easily. She thought for a while then said, 'No, sorrow does not bring tears. But when I am deeply moved, especially by great beauty, I weep" (P. 342).

'മരിക്കാൻ അഭ്യസിക്കൂ' എന്നായിരുന്നു കൃഷ്ണമൂർത്തിയുടെ ഉപദേശം അദ്ദേഹവും ആ ഉപദേശമനുസരിച്ചു മരിച്ചു. "പൂപുൽ, ഇന്നു രാത്രി ഞാൻ മലകളിൽ ദീർഘകാലയാത്രയ്ക്കായി പോകും. മൂടൽമഞ്ഞ് ഉയരുന്നു." എന്നദ്ദേഹം പറഞ്ഞു. പൂപുൽ ജയക്കാർ തിരിഞ്ഞുനോക്കാതെ നടന്ന് ആ മുറി വിട്ടുപോയി. പെസിഫിക് സ്റ്റാൻഡേഡ് സമയം ഒൻപതു മണിക്കു കൃഷ്ണമൂർത്തി ഉറങ്ങി, മലകളിലെ ദീർഘയാത്രയ്ക്കുവേണ്ടി മൂടൽമഞ്ഞു ഉയരുകയായിരുന്നു. അതിലൂടെ അദ്ദേഹം നടന്നു. നടന്നകലുകയും ചെയ്തു.

ഈ ഗ്രന്ഥം വായിച്ചതോടെ എന്റെ ജീവിതം ധന്യമായി ഭവിച്ചിരിക്കുന്നു. (Krishnamurthi, A Biography, Harper and Row, Sanfrancisco $22.95.)

കേരളത്തിനിന്നാവശ്യം നല്ലൊരു പ്രതിപക്ഷമാണ്. അംഗസംഖ്യകൊണ്ട് ഭരണപക്ഷത്തിൽ ഇന്ന് വളരെയൊന്നും പിറകിലല്ല പ്രതിപക്ഷം. പക്ഷേ, ആ പ്രതിപക്ഷമിപ്പോൾ എത്രയോ തട്ടുകളിലായി മാറിക്കഴിയുന്നു. കഴിഞ്ഞ ഭരണകാലത്ത് ഭിന്നിപ്പിച്ച ഭരിപ്പിച്ചതുപോലെ പ്രതിപക്ഷത്തിരിക്കുന്ന കാലത്തും സമീപിച്ചാൽ പ്രതിപക്ഷം നാലു വഴിക്കാകും. അങ്ങനെ ആയിക്കൊണ്ടിരിക്കുകയുമാണ്. നല്ലതിനും തീയതിനും എന്തെങ്കിലും ബഹളമുണ്ടാക്കലും വെല്ലുവിളിക്കലും മാത്രം നയമാക്കിയ ഒരു പ്രതിപക്ഷനേതൃത്വം സംസ്ഥാനത്തിന് യാതൊരു ഗുണവും ചെയ്യാൻ പോകുന്നതുമില്ല. നേതാവിനെ വിശ്വസിക്കുന്ന സഹപ്രവർത്തകരും സഹപ്രവർത്തകരെ അവിശ്വസിക്കാത്ത ഒരു നേതാവുമുണ്ടെങ്കിൽ നിയമസഭയിലും പുറത്തും വിസ്മയങ്ങൾ കാണിക്കാവുന്ന അവസ്ഥയാണ് ഇന്നിവിടെ കോൺഗ്രസ് ഐക്കുമുന്നിലുള്ളത്. ഈ അവസരങ്ങൾ, മുമ്പെന്നതുപോലെ കാലുകൊണ്ടു തട്ടി എറിഞ്ഞു കൊണ്ടിരിക്കുകയാണ്, ബന്ധപ്പെട്ടവരിപ്പോൾ.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.